# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/20/2020-EA(1) തിരുവനന്തപുരം, തീയതി, 08.09.2020

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും - തസ്തിക മാറ്റം വഴി ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് നിയമനം നൽകിയ ഉത്തരവ്- ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. സർക്കാരിന്റെ 24.07.1962-ലെ ജി.ഒ(എം.എസ് ) 387/62/പി ഡി നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ന്റെ 27.08.2020 ലെ ഇതേ നമ്പർ ഉത്തരവ്.
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഭരണ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറുടെ 08.09.2020-ലെ RCS/1547/2020-EA(5) നമ്പർ അനൗദ്യോഗിക കുറിപ്പ്.

പരാമർശം (1) ഉത്തരവിന് വിധേയമായി സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം ലഭിക്കുന്നതിലേക്കായി യോഗ്യത നേടിയിട്ടുള്ള സീനിയർ ക്ലർക്കുമാരുടെ പേരു വിവരവും, ടിയാളുകളെ പരാമർശം (2) ഉത്തരവിൽ ഉൾപ്പെടുത്തണമെന്നും പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ടിയാളുകളെ പരാമർശം (2) ഉത്തരവിൽ ഉൾപ്പെടുത്തി ടി ഉത്തരവ് ഭേദഗതി ചെയ്ത് ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

സഹകരണ വകുപ്പിൽ താഴെ പേരു പറയുന്ന സീനിയർ ക്ലർക്കുമാരെ 27800-59400 രൂപ ശമ്പള നിരക്കിൽ സഹകരണ സംഘം ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നൽകി ടിയാളുകളുടെ പേരിന് നേരെ കോളം നമ്പർ 4-ൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേരും, തസ്തികയും | ഇപ്പോഴത്തെ നിയന്ത്രണ ഉദ്യോഗസ്ഥൻ | തസ്തിക മാറ്റം മുഖേന ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെടുന്ന നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി. മജിഷാ മജീദ്, സീനിയർ ക്ലർക്ക് | ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ), കോട്ടയം | ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ), കോട്ടയം |
| 2 | ശ്രീമതി. സന്ധ്യാരാജ്. വി.ആർ., സീനിയർ ക്ലർക്ക് | ജോയിന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം | ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ), എറണാകുളം |

| | | | |
|---|---|---|---|
| 3 | ശ്രീമതി. ശ്രീകല. എസ്.,<br>സീനിയർ ക്ലർക്ക് | ജോയിന്റ് ഡയറക്ടർ<br>(ആഡിറ്റ്), പത്തനംതിട്ട | ജോയിന്റ് ഡയറക്ടർ<br>(ആഡിറ്റ്), എറണാകുളം |

ശ്രീമതി. മജിഷാ മജീദ്-നെ പരാമർശം (2) ഉത്തരവിൽ ക്രമ നമ്പർ (1) ശ്രീ. സോയി മൈക്കിളിനും, ക്രമ നമ്പർ (2) ശ്രീ. അബി. എം.എസ്.-നും മദ്ധ്യേ ക്രമ നമ്പർ 1 (എ) ആയും, ശ്രീമതി. സന്ധ്യാരാജ്. വി.ആർ.-നെ പരാമർശം (2) ഉത്തരവിൽ ക്രമ നമ്പർ (10) ശ്രീമതി. രജിത. ആർ.-നും, ക്രമ നമ്പർ (11) ശ്രീമതി. കവിത. എ.-യ്ക്കും മദ്ധ്യേ ക്രമ നമ്പർ 10 (എ) ആയും, ശ്രീമതി. ശ്രീകല. എസ്.-നെ പരാമർശം (2) ഉത്തരവിൽ ക്രമ നമ്പർ (15) ആയും ഉൾപ്പെടുത്തുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുതും, ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ യഥാസമയം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡി. കൃഷ്ണകുമാർ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-
1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3) ജോയിന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസറഗോഡ്
4) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കാസറഗോഡ്
5) ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ടെ മേശപ്പുറത്ത്
6) ഇ.എ(5)/ഇ.എ(2) സെക്ഷനുകൾക്ക്
7) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)